**പതിനാലാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 686 | 08.08.2017 -ൽ മറുപടിക്ക്

## അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ഡോ. എൻ. ജയരാജ്<br>ശ്രീ. പി.ജെ. ജോസഫ് | | ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് അഡ്വഞ്ചർ ടൂറിസത്തിന്റെ സാധ്യതകൾ പ്രയോജനപ്പെടുത്താൻ ഉതകുന്ന വിധത്തിൽ ഈ ഗവൺമെൻറ് എന്തെല്ലാം കാര്യങ്ങൾ വിഭാവനം ചെയ്യുവെന്നും നടപ്പിലാക്കിയെന്നും വ്യക്തമാക്കുമോ;<br><br>ബി) നടപ്പുസാമ്പത്തിക വർഷം ഇതുമായി ബന്ധപ്പെട്ട് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?; | എ) യും ബി) യും | കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ പുത്തൻ കാൽച്ചുവടായ സാഹസിക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇതിനു സാധ്യതയുള്ള മേഖലകളിൽ പഠനം നടത്തി പരിസ്ഥിതിയ്ക്ക് കോട്ടം തട്ടാതെയുള്ള പദ്ധതികൾ ആവിഷ്കരിച്ചു പ്രചാരണം നടത്തി നടപ്പിലാക്കി വരുന്നു. സാഹസിക വിനോദസഞ്ചാര മേഖലയിൽ യുവാക്കളുടെ ആഭിമുഖ്യം വർദ്ധിച്ച സാഹചര്യത്തിൽ ഇവരുടെ അഭിരുചി മനസ്സിലാക്കി യുവതലമുറയെ കൂടുതൽ ആകർഷിക്കുന്ന തരത്തിലുള്ള സാഹസിക വിനോദസഞ്ചാര പദ്ധതികൾ കേരള അഡ്വഞ്ചർ ടൂറിസം പ്രൊമോഷൻ സൊസൈറ്റി (KATPS) എന്ന സ്ഥാപനം മുഖേന ആവിഷ്കരിച്ചു നടപ്പിലാക്കി വരുന്നു. കേരളത്തിലെ വനമേഖലകളിൽ സാഹസിക ട്രക്കിംഗ് പ്രോഗ്രാമുകൾ വനം വകുപ്പ് മുഖേന ആരംഭിച്ചു. നിയന്ത്രിത എണ്ണം സഞ്ചാരികളെ പരിശീലനം ലഭിച്ച തദ്ദേശ വാസികളായ യുവാക്കൾ വനദർശനത്തിനും സാഹസിക ട്രക്കിംഗിനുമായി കൊണ്ടുപോകുന്നു.<br><br>സാഹസിക ടൂറിസത്തെക്കുറിച്ച് സഞ്ചാരികളിലേയ്ക്ക് മതിയായ പ്രചാരണം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ വേളി ടൂറിസ്റ്റ് വില്ലേജ്, കൊല്ലം ജില്ലയിലെ തെന്മല, ആശ്രാമം, വയനാട് ജില്ലയിലെ |

കർലാട്, മലപ്പുറം ജില്ലയിലെ കോട്ടക്കുന്ന് എന്നിവിടങ്ങളിൽ സോഫ്റ്റ് അഡ്വഞ്ചർ പാർക്കുകൾ സ്ഥാപിച്ചു. കൊല്ലം ജില്ലയിൽ പിപിപി മോഡലിൽ വികസിപ്പിക്കുന്ന ജഡായുപാറ ടൂറിസം പദ്ധതിയുടെ അഡ്വഞ്ചർ പാർക്ക് പ്രവർത്തനം ആരംഭിച്ചു.

കയാക്കിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി കോഴിക്കോട് ജില്ലയിലെ തുഷാരഗിരിയിൽ മലബാർ റിവർ ഫെസ്റ്റിവലും പാരാഗ്ലൈഡിംഗ് പ്രോൽസാഹിപ്പിക്കുന്നതിനായി വാഗമണ്ണിൽ പാരാഗ്ലൈഡിംഗ് ഫെസ്റ്റിവലും മൗണ്ടൻ സൈക്ലിംഗ് പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇന്റർനാഷണൽ മൗണ്ടൻ സൈക്ലിംഗ് കോമ്പറ്റീഷനും നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

സാഹസിക ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി കാപ്പിൽ, മുഴപ്പിലങ്ങാട്, വാഗമൺ തുടങ്ങിയ മേഖലകളെ സാഹസിക വിനോദസഞ്ചാര മേഖലകളായി മാറ്റുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന്റെ പ്രാരംഭ നടപടികൾ അവസാനഘട്ടത്തിലാണ്.

കേരളത്തിലെ ടൂറിസം മേഖലയെക്കുറിച്ചുള്ള പ്രചാരണം വകുപ്പിന്റെ മാർക്കറ്റിംഗ് വിഭാഗം മുഖേന നടത്തി വരുന്നു. ഇതിലൂടെ സാഹസിക ടൂറിസത്തിനുവേണ്ടിയുള്ള പ്രചാരണ പരിപാടികൾ ഉൾപ്പെടുത്തി, ദേശീയ അന്താരാഷ്ട്ര തലങ്ങളിലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ഇതിന്റെ തുടക്കമെന്നോണം വയനാട് ജില്ലയിൽ അഡ്വഞ്ചർ ടൂറിസം പ്രോൽസാഹിപ്പിക്കുന്നതിനായി പ്രത്യേകം ഫിലിം നിർമ്മിക്കുകയും വെബ്സൈറ്റ് രൂപകൽപ്പന ചെയ്യുകയും ചെയ്തിട്ടുണ്ട്.

Sandhya

സെക്ഷൻ ഓഫീസർ